പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 237 | 8.07.2015 ൽ മറുപടി നല്കേണ്ടത്. |
|---|---|

**സുരക്ഷിത ഭക്ഷണത്തെക്കുറിച്ചുള്ള ബോധവല്‍ക്കരണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. എ. വാഹീദ്<br>" ഡൊമിനിക് പ്രസന്റേഷൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" ഷാഫി പറമ്പിൽ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവല്ക്കരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ; | എ) | സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവല്ക്കരിക്കുന്നതിനുവേണ്ടി മിഷൻ 676 ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാവകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സുരക്ഷിതഭക്ഷണം ആരോഗ്യത്തിനാധാരം പദ്ധതി.' ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളിലെ 9, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ജംഗ്ഫുഡ്, ട്രാൻസ് ഫാറ്റ്, കളറുകൾ, രുചിവർദ്ധക വസ്തുക്കൾ ചേർത്ത ഭക്ഷണപദാർത്ഥങ്ങൾ, ലഹരിവസ്തുക്കളായ ഗുഡ്ക പാൻമസാല എന്നിവയെ കുറിച്ചുള്ള ദൂഷ്യവശങ്ങളെപ്പറ്റി ഫുഡ്സേഫ്റ്റി ഓഫീസറുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതാണ്. ഇങ്ങനെ പരിശീലിപ്പിച്ച കുട്ടികൾ അതാതു സ്കൂളുകളിലെ മറ്റു കുട്ടികൾക്ക് ഒരു ഫുഡ് സേഫ്റ്റി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ പരിശീലനം നൽകുന്നതാണ്. ഇതിനാവശ്യമായ ലഘുലേഖകൾ, സിഡികൾ മറ്റു പരിശീലന സാമഗ്രികൾ എന്നിവ ഭക്ഷ്യസുരക്ഷാവകുപ്പ് നൽകുന്നതാണ്. ഇതിനകം തന്നെ എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാവകുപ്പ് പരിശീലനം നൽകി കഴിഞ്ഞു സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധ |

| | | | |
|---|---|---|---|
| | | | വല്ക്കരിക്കുന്നതിനുവേണ്ടി, ഉപന്യാസമത്സരങ്ങൾ, പ്രശ്നോത്തരി എന്നിവ നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസവകുപ്പിന്റെ സഹായത്തോടുകൂടി എല്ലാ സ്കൂളുകളിലും ആഴ്ചയിൽ ഒരു ദിവസം ഫുഡ്സേഫ്റ്റി അസംബ്ലി നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം ഈ പദ്ധതി സർക്കാരിതര സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| ബി) | വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഫുഡ് സേഫ്റ്റി ക്ലബുകൾ ആരംഭിച്ച് സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് കുട്ടികളെ ബോധവല്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | ബി) | നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| സി) | സുരക്ഷിത ഭക്ഷണം എന്ന വിഷയം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപടി സ്വീകരിക്കുമോ? | സി) | നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ